## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1155** **04/12/2014 ൽ മറുപടിയ്ക്ക്**

### സർക്കാർ സ്കൂളുകളിൽ ടോയിലറ്റ് സൗകര്യം

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ. കെ.വി. വിജയദാസ്: | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ടോയിലറ്റ് സൗകര്യമില്ലാത്ത സർക്കാർ സ്കൂളുകളിലെല്ലാം സമയബന്ധിതമായി ടോയിലറ്റുകൾ നിർമ്മിക്കും എന്ന സർക്കാർ നിലപാടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; ഇതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ; | (എ) | 654 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ ടോയ്‌ലറ്റ്, യൂറിനൽ, കുടിവെള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് 2012-13 സാമ്പത്തിക വർഷം 31.16 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രാഥമിക സൗകര്യങ്ങളുടെ അഭാവം നേരിടുന്ന 220 സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിനും ടോയ്‌ലറ്റുകളും യൂറിനലുകളും മറ്റും നിർമ്മിക്കുന്നതിനുമായി 2012-13 സാമ്പത്തിക വർഷത്തിന്റെ അവസാനം ആകെ 377 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ നിന്ന് വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിന് ഭരണാനുമതി അനുവദിക്കുകയുണ്ടായി. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ടി തുകയിൽ നിന്ന് എല്ലാ ജില്ലാ കളക്ടർമാർക്കും അതാത് ജില്ലയിലെ സ്കൂളുകൾക്ക് വേണ്ട തുകകൾ വകുപ്പ് റിലീസ് ചെയ്യുകയും ടി പദ്ധതിയുമായി ബന്ധപ്പെട്ട സ്കൂളുകളിലെ നിർമ്മാണ പ്രവൃത്തികൾ മദ്ധ്യവേനലവധിക്കാലത്തു തന്നെ പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. മറ്റുള്ള സ്കൂളുകൾക്ക് ലഭ്യമായിട്ടുള്ള ടോയ്‌ലറ്റ് സൗകര്യങ്ങൾ നവീകരിക്കുവാനും മെച്ചപ്പെടുത്തുവാനും ഇല്ലാത്തിടങ്ങളിൽ നിർമ്മിക്കുവാനും നടപടി സ്വീകരിച്ചു വരുന്നു. |
| ബി) കോങ്ങാട് മണ്ഡലത്തിൽ ഇപ്രകാരം എത്ര സ്കൂളുകൾ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട് ; പ്രസ്തുത സ്കൂളുകളുടെ വിശദവിവരങ്ങൾ നൽകുമോ ? | (ബി) | കോങ്ങോട് നിയമസഭ നിയോജക മണ്ഡലത്തിലെ നാല് സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾക്കും രണ്ട് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്കും മേൽസൂചിപ്പിച്ച പദ്ധതി നടപ്പിലാക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്.<br>**ഹയർ സെക്കണ്ടറി സ്കൂളുകൾ**<br>1.ജി.എച്ച്.എസ്.എസ്. പൊറ്റശ്ശേരി |

വേതന വ്യവസ്ഥകളും
വിദ്യാഭ്യാസയോഗ്യതകളും
നിഷ്കർഷിച്ചിരിക്കുന്നത്. ബഡ്സ്
സ്കൂളുകൾ ഉൾപ്പെടെ മാനസിക
വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന
100 വിദ്യാർത്ഥികളിൽ കൂടുതലുള്ള
സ്പെഷ്യൽ സ്കൂളുകൾക്ക്
വ്യവസ്ഥകൾക്ക് വിധേയമായി
എയ്ഡഡ് പദവി നൽകുന്നതിന്
28.04.14-ലെ സ.ഉ.(പി) നം. 69/2014/
പൊ.വി.വ. സർക്കാർ ഉത്തരവ്
പ്രകാരം തത്വത്തിൽ അനുമതി നൽകി
ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
ഇപ്രകാരം എയ്ഡഡ് പദവി ലഭിക്കുന്ന
സ്പെഷ്യൽ സ്കൂളുകളിലെ
അധ്യാപകരുടെ നിയമനം, വേതന
വ്യവസ്ഥ എന്നിവ നിശ്ചയിക്കുന്നതിന്
വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചുകൊണ്ടും
ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ